"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി - ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായി എ.കെ.ജി സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ മുഖ്യ കവാടവും അനുബന്ധ പ്രവൃത്തികൾക്കുമായി തുക വകമാറ്റി വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇ. ഡബ്ല്യൂ. ബി.) വകുപ്പ്**

G.O.(Rt) No.1725/2020/LSGD തീയതി,തിരുവനന്തപുരം, 23/09/2020

പരാമർശം:- 1. 04/08/2018 ലെ സ. ഉ. (അച്ചടി) നമ്പർ: 119/2018/ധന.

2 11/12/2017 ലെ സ. ഉ. (സാധാ) നമ്പർ: 3963/2017/തസ്വഭവ.

3. 04/04/2018 ലെ സ. ഉ. (സാധാ) നമ്പർ: 962/2018/തസ്വഭവ.

4. 04/09/2019 ലെ സ. ഉ. (സാധാ) നമ്പർ: 7137/2019/ധന.

5. കണ്ണൂർ അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണറുടെ (ജനറൽ) 26/05/2020 ലെ ആർ.ഡി6/2360/2019 നമ്പർ കത്ത്.

6. 09/07/2019 ലെ ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി യുടെ കുറിപ്പ്.

**ഉത്തരവ്**

ധർമ്മടം നിയോജക മണ്ഡലത്തിലെ എൽപി/യുപി സ്കൂളുകളിൽ അടുക്കള ശുചിമുറി എന്നിവ നിർമ്മിക്കാൻ 2016- 17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കി വച്ചിരുന്ന 50 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ പിണറായി എ.കെ.ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനു വകമാറ്റി അനുവദിക്കുകയും പരാമർശം (2), (3) എന്നിവയിലെ ഉത്തരവുകൾ പ്രകാരം അനുവദിച്ച ബാക്കി തുകയായ 33 ലക്ഷം രൂപയിൽ അടുക്കളയ്ക്കും ശുചിമുറിക്കുമായി 18 ലക്ഷം രൂപാ മതിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളതിനാൽ ബാക്കി വന്ന 15 ലക്ഷം രൂപ പിണറായി എ.കെ.ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന് മുഖ്യ കവാട നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വകമാറ്റി വിനിയോഗിക്കാൻ പ്രത്യേക അനുമതി നല്കണമെന്ന് ധർമ്മടം നിയോജക മണ്ഡലം എം.എൽ.എ ആയ ബഹു. മുഖ്യമന്ത്രിയ്ക്കുവേണ്ടി പ്രൈവറ്റ് സെക്രട്ടറി പരാമർശം (6) പ്രകാരം അഭ്യർത്ഥി ക്കുകയുണ്ടായി.

ഇതേ തുടർന്ന് ധർമ്മടം നിയോജക മണ്ഡലത്തിലെ എൽപി/യുപി സ്കൂളുകളിൽ ശുചിമുറി/അടുക്കള നിർമ്മാണം എന്ന പ്രവൃത്തിക്ക് ആകെ അനുവദിച്ച തുകയായ 33 ലക്ഷം രൂപയിൽ ബാക്കി വരുന്ന 15 ലക്ഷം രൂപാ പിണറായി എ.കെ.ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന് മുഖ്യ കവാട നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി മാറ്റി വിനിയോഗിക്കാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവുവരുത്തി

പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേക അനുമതിയും നല്കിയിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് പ്രത്യേകം ഭരണാനുമതി നല്കണമെന്നഭ്യർത്ഥിച്ച് കണ്ണൂർ അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണർ (ജനറൽ) പരാമർശം (5) പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റും അനുബന്ധരേഖകളും സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ധർമ്മടം നിയോജക മണ്ഡലത്തിലെ എൽപി/യുപി സ്കൂളുകളിൽ അടുക്കള/ശുചിമുറി എന്നിവ നിർമ്മിക്കാൻ 2016 - 17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കി വച്ചിരുന്ന 50 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ പിണറായി എ.കെ.ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനു വകമാറ്റി അനുവദിക്കുകയും, ബാക്കി തുകയായ 33 ലക്ഷം രൂപയിൽ അടുക്കളയ്ക്കും ശുചിമുറിക്കുമായി 18 ലക്ഷം രൂപാ മതിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന 15 ലക്ഷം രൂപ പിണറായി എ.കെ.ജി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന് മുഖ്യ കവാട നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വകമാറ്റി വിനിയോഗിക്കാൻ ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പഞ്ചായത്ത് ഡയറക്ടർ
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ), കേരള തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണറുടെ (ജനറൽ) കണ്ണൂർ
സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, എ ാ.കെ.എം
ധനകാര്യ വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഒഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ